2024
APRIL
25
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ







## കൊടാക് മഹീന്ദ്ര ബാങ്കിന് റിസർവ് ബാങ്കിൻെറ കർശന നിയന്ത്രണം

**മുംബൈ:** ഓൺലൈൻ, മൊബൈൽ ബാങ്കിങ് മാർഗങ്ങളിലൂടെ പുതിയ ഉപയോക്താക്കളെ ചേർക്കുന്നത് നിർത്തിവയ്ക്കാനും, പുതിയ ക്രെഡിറ്റ് കാർഡുകൾ അനുവദിക്കരുതെന്നും കൊടാക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കർശന നിർദേശം. ബാങ്കിൻറെ റിസ്ക് മാനേജ്മെൻറ് മാനദണ്ഡങ്ങളിൽ സംശയം ഉയർന്ന സാഹചര്യത്തിലാണ് നടപടി.

അതേസമയം, ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾ ഉടക്കം ബാങ്കിൻറെ നിലവിലുള്ള ഇടപാടുകാർക്ക് സാധാരണ സേവനം തുടരാവുന്നതാണെന്നും റിസർവ് ബാങ്ക് വ്യക്തമാക്കിയിട്ടുണ്ട്.

1949ലെ ബാങ്കിങ് റെഗുലേഷൻ ആക്റ്റിസൻറെ 35എ വകുപ്പ് പ്രകാരമാണ് നടപടി.

തുടർച്ചയായി രണ്ടു വർഷം (2022, 2023) ബാങ്ക് റിസ്ക് മാനേജ്മെൻറ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയെന്നാണ് ആർബിഐയുടെ കണ്ടെത്തൽ. ഡേറ്റ സെക്യൂരിറ്റി, ഡേറ്റ ലീക്ക് തടയുന്നതിനുള്ള മാർഗങ്ങൾ എന്നിവയടക്കമാണിത്.

രണ്ടു വർഷവും കൊടാക് ബാങ്കിന് റിസർവ് ബാങ്ക് തിരുത്തൽ നിർദേശങ്ങൾ നൽകിയിരുന്നെങ്കിലും പാലിക്കപ്പെട്ടില്ലെന്നാണ് തുടർന്നു നടത്തിയ പരിശോധനകളിൽ വ്യക്തമായത്.

## ഭീകരരെ കേരളത്തിൽ കാലു കുത്താൻ സമ്മതിക്കില്ലെന്ന് അമിത് ഷാ

**ആലപ്പുഴ:** നരേന്ദ്ര മോദി രാജ്യം ഭരിക്കുന്നിടത്തോളം പോപ്പുലർ ഫ്രണ്ട് പോലെയുള്ള ഭീകര സംഘങ്ങളെ കേരളത്തിൻറെ മണ്ണിൽ കാല് കുത്തിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കേരളത്തിൽ ഭീകരവാദം പ്രോത്സാഹിപ്പിച്ചത് കോൺഗ്രസും കമ്മ്യൂണിസ്റ്റ് പാർട്ടിയുമാണെന്ന് എൻഡിഎ സ്ഥാനാർഥി ശോഭ സുരേന്ദ്രൻറെ തെരഞ്ഞെടുപ്പു പ്രചാരണ സമാപന റാലിയിൽ അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷ വോട്ട് ബാങ്ക് ലക്ഷ്യമിട്ട് എൽഡിഎഫും യുഡിഎഫും പ്രീണനം നടത്തുന്നുവെന്നും അമിത് ഷാ ആരോപിച്ചു.

നരേന്ദ്ര മോദി മൂന്നാമതും പ്രധാനമന്ത്രിയായി ചുമതലയേൽക്കും. കേരളം മുഴുവൻ നരേന്ദ്ര മോദിയോട് ഒപ്പം ചേർന്ന് മുന്നേറാൻ ഒരുങ്ങുന്നുവെന്ന് എല്ലാ സർവേകളും പറയുന്നു. കേരളത്തിലെ കർഷകരും യുവതി യുവാക്കളും നരേന്ദ്ര മോദിക്കൊപ്പം മുന്നേറാൻ മുന്നേറാൻ തയാറാണ്. ശോഭാ സു



രേന്ദ്രൻ ഈ തെരെഞ്ഞെടുപ്പിൽ വിജയിക്കും, എംപിയാകും. ഇനി വരുന്നത് ബിജെപിയുടെ നാളുകളാണ്.

ഈ തെരഞ്ഞെടുപ്പ് ഭാരതത്തെ ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയാക്കുന്നതിന് വേണ്ടിയുള്ള തെരഞ്ഞെടുപ്പാണ്. കാർഷിക, ഉത്പാദന, ഡിജിറ്റൽ രംഗങ്ങളിൽ ഭാരതത്തെ ഒന്നാമത് ആക്കാനുള്ള തെരഞ്ഞെടുപ്പാണ്. കേരളത്തെ ഹിംസയുടെ പാതയിൽ നിന്നും മോചിപ്പിക്കാനുള്ള തിരഞ്ഞെടുപ്പാണ്. മൂന്ന് കോടി സ്ത്രീകളെ ലക്ഷാധിപതികളാക്കി മാറ്റാനുള്ള തെരഞ്ഞെടുപ്പാണ്.

കാപട്യത്തിൻറെ ആളുകളാണ് ഇന്ത്യ സഖ്യത്തിലുള്ളത്. ആ സഖ്യത്തിൽ ഉൾപ്പെട്ടിട്ടുള്ള കമ്യൂണിസ്റ്റും കോൺഗ്രസും കേരളത്തിൽ തമ്മിലടിക്കുകയാണ്. എന്നാൽ ഡൽഹിയിൽ ഇരുവരും ഒന്നിച്ചാണ്. ഇരു കൂട്ടരും അവിടെ ഒന്നിച്ച് നിന്ന് ജനങ്ങളെ കബളിപ്പിക്കുകയാണ്.

ലോകത്ത് കമ്മ്യൂണിസം അവസാനിച്ചു, രാജ്യത്തും അവസാനിച്ചു കൊണ്ടിരിക്കുന്നു. കോൺഗ്രസ് രാജ്യത്ത് അസ്തമിക്കുകയാണ്. കേരളത്തിനും രാജ്യത്തിനും സുരക്ഷ ഒരുക്കി, വികസനം കൊണ്ടുവരാൻ മോദിക്കേ സാധിക്കൂ.

തൃശൂരിലെ കരുവന്നൂർ ബാങ്ക് കൊള്ളയടിച്ച കമ്മ്യൂണിസ്റ്റുകാർ സഹകരണ മേഖലയെ തകർത്തു. ഇഡി കരുവന്നൂരിൽ അന്വേഷണം നടത്തുകയാണ്. എല്ലാ നിക്ഷേപകർക്കും പണം മടക്കിക്കൊടുക്കും.

## തിരഞ്ഞെടുപ്പിന് സുരക്ഷയൊരുക്കാൻ 66,303 ഉദ്യോഗസ്ഥർ

**തിരുവനന്തപുരം:** ലോക്സഭാ തിരഞ്ഞെടുപ്പിൽ സുരക്ഷിതവും സമാധാനപൂർണവുമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ 66,303 സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചു. കേരള പൊലീസും കേന്ദ്രസേനയുമാണ് വോട്ടെടുപ്പിന് കർശന സുരക്ഷ ഒരുക്കുന്നത്. സംസ്ഥാനത്ത് 25,231 ബൂത്തുകളാണ് ഇക്കുറിയുള്ളത്. 13,272 സ്ഥലങ്ങളിലായി ഒരുക്കിയ ഈ ബൂത്തുകളുടെ സുഗമമായ നടത്തിപ്പിനും സുരക്ഷയ്ക്കുമായി കേന്ദ്ര തിരഞ്ഞെടുപ്പു കമ്മിഷന്റെ നിർദേശമനുസരിച്ചുള്ള പൊലീസ് വിന്യാസമാണ് സംസ്ഥാനത്ത് ഏർപ്പെടുത്തിയത്.

എഡിജിപി എം.ആർ.അജിത് കുമാറാണ് പൊലീസ് വിന്യാസത്തിന്റെ നോഡൽ ഓഫിസർ. പൊലീസ് ഐജി (ഹെഡ് ക്വാർട്ടേഴ്സ്) ഹർഷിത അട്ടല്ലൂരിയെ അസിസ്റ്റന്റ് നോഡൽ ഓഫിസറായും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ 20 ജില്ലാ പൊലീസ് മേധാവിമാരുടെ കീഴിൽ പൊലീസ് ജില്ലകളെ 144 ഇ



ലക്ഷൻ സബ് ഡിവിഷൻ മേഖലകളാക്കിയിട്ടുണ്ട്. ഓരോന്നിന്റെയും ചുമതല ഡിവൈഎസ്പി അല്ലെങ്കിൽ എസ്പിമാർക്കാണ്. 183 ഡിവൈഎസ്പിമാർ, 100 ഇൻസ്പെക്ടർമാർ, 4,540 എസ്ഐ, എഎസ്ഐമാർ, 23,932 സീനിയർ സിവിൽ പൊലീസ് ഓഫിസർമാർ, 2,874 ഹോം ഗാർഡുകൾ, 4,383 ആംഡ് പൊലീസ് ബറ്റാലിയൻ അംഗങ്ങൾ, 24,327 സിപിഒമാർ എന്നിവരാണ് സംസ്ഥാനത്ത് സുരക്ഷയൊരുക്കുന്നത്.

കൂടാതെ 62 കമ്പനി സിഎപിഎഫും (സെൻട്രൽ ആംഡ് പൊലീസ് ഫോഴ്സ്) സുരക്ഷയൊരുക്കുന്നുണ്ട്. ഇതിൽ 15 കമ്പനി മാർച്ച് മൂന്നിനും 21നുമായി സംസ്ഥാനത്തെത്തിയിരുന്നു. ബാക്കി 47 കമ്പനി സേന തമിഴ്നാട്ടിലെ വോട്ടെടുപ്പു പൂർത്തിയായ ശേഷം ഏപ്രിൽ 20ന് എത്തിയിരുന്നു. പ്രശ്ന ബാധിതമാണെന്ന് കണ്ടെത്തിയിട്ടുള്ള പോളിങ് സ്റ്റേഷനുകളിൽ കേന്ദ്രസേനയുൾപ്പെടെ അധിക പൊലീസ് സേനയെ വിന്യസിച്ചിട്ടുണ്ട്. സിഎപിഎഫിൽ നിന്നുള്ള 4464 പേരെയും തമിഴ്നാട്ടിൽനിന്ന് 1500 പൊലീസുകാരെയും വിന്യസിച്ചിട്ടുണ്ട്.



# കൊതുക് ശല്യത്തിൽ ഉറക്കം നഷ്ടപ്പെടൽ: ദക്ഷിണേന്ത്യയുടെ ഉൽപ്പാദനക്ഷമതയെ ഗുരുതരമായി ബാധിക്കുന്നതായി പഠനം



**കൊച്ചി:** കൊതുക് ശല്യം മൂലമുള്ള ഉറക്കക്കുറവ് കാരണം ആളുകൾക്ക് സമ്മർദ്ദവും ക്ഷീണവും അനുഭവപ്പെടുന്നത് ഇന്ത്യയുടെ പകുതിയിലധികം (58 ശതമാനം) ഉൽപ്പാദനക്ഷമതയേയും ബാധിക്കുന്നു. ഗോദ്റേജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡിൻറെ (ജിസിപിഎൽ) രാജ്യത്തെ മുൻനിര ഗാർഹിക പ്രാണിനാശിനി ബ്രാൻഡായ ഗുഡ്നൈറ്റ് നടത്തിയ സർവേ റിപ്പോർട്ടിലാണ് ഈ വിവരം ചൂണ്ടിക്കാട്ടുന്നത്.ഏപ്രിൽ 25ലെ ലോക മലേറിയ ദിനാചരണത്തിൻറെ ഭാഗമായാണ് കമ്പനി മാർക്കറ്റ് റിസർച്ച് സ്ഥാപനമായ യുഗോവിൻറെ നേതൃത്വത്തിൽ 'ഒരു കൊതുക്, എണ്ണമറ്റ ഭീഷണികൾ' എന്ന തലക്കെട്ടിൽ രാജ്യവ്യാപകമായി സർവേ സംഘടിപ്പിച്ചത്. കൊതുകു ശല്യത്തെക്കുറിച്ചുള്ള ആളുകളുടെ പൊതു മനോഭാവങ്ങൾ പരിശോധിക്കുകയും കൊതുക് പരത്തുന്ന രോഗങ്ങളുടെ അപകടസാധ്യതകൾ വിലയിരുത്തുകയുമാണ് സർവേ ലക്ഷ്യംവെച്ചത്.

സർവേയിൽ പങ്കെടുത്തവരിൽ 62 ശതമാനം പുരുഷന്മാരും 53 ശതമാനം സ്ത്രീകളും കൊതുക് ഉറക്കം കെടുത്തുന്നത് തങ്ങളുടെ ഉൽപാദന ക്ഷമതയെ ബാധിക്കുന്നതായി വെളിപ്പെടുത്തി. വ്യവസായ മേഖലയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം കൊതുക് പരത്തുന്ന മലേറിയ പോലുള്ള രോഗങ്ങൾ മൂലം മാത്രം ഇന്ത്യയ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഏകദേശം 16000 കോടി രൂപയാണ്.കേരളം, തമിഴ്നാട്, കർണാടക, അന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ദക്ഷിണേന്ത്യയാണ് കൊതുകു ശല്യത്തിന് ഏറ്റവുമധികം ഇരയാകുന്ന രണ്ടാമത്തെ മേഖല. ഇവിടെ 57 ശതമാനം ആളുകളാണ് കൊതുകു മൂലമുണ്ടാകുന്ന അസ്വസ്ഥമായ ഉറക്കം മൂലം ഉത്പാദന ക്ഷമത കുറഞ്ഞെന്ന് വ്യക്തമാക്കിയത്. 67 ശതമാനവുമായി രാജ്യത്തിൻറെ പടിഞ്ഞാറൻ മേഖലയിലാണ് ഈ പ്രശ്നം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത്. വടക്കേയിന്ത്യൻ 56 ശതമാനം പേരെയും കിഴക്കൻ മേഖലയിൽ ഇത് 49 ശതമാനം പേരെയുമാണ് ബാധിച്ചിരിക്കുന്നത്.ഇന്ത്യയിൽ വർഷത്തിൽ 40 ദശലക്ഷത്തിലധികം പേർക്കാണ് കൊതുമൂലമുള്ള മലേറിയ, ഡെങ്കു തുടങ്ങിയ രോഗങ്ങൾ ബാധിക്കുന്നത്. ഇന്ത്യയിലെ കൊതുക് പ്രശ്നത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും ഇതിനെതിരെ പ്രവർത്തിക്കാൻ കുടുംബങ്ങളെ പ്രാപ്തരാക്കുകയും അതോടൊപ്പം മിതമായ നിരക്കിലുള്ളതും നൂതനവുമായ പരിഹാരങ്ങൾ ലഭ്യമാക്കാനുമാണ് ലക്ഷ്യമിടുന്നതെന്ന് ഗോദ്റേജ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് ഇന്ത്യ ചീഫ് മാർക്കറ്റിങ് ഓഫീസർ അശ്വിൻ മൂർത്തി പറഞ്ഞു.ഇന്ത്യയിലുടനീളമുള്ള 1,011 ആളുകൾ ഈ സർവേയിൽ പങ്കെടുത്തു അതിൽ 330 പേർ ദക്ഷിണേന്ത്യയിൽ നിന്നുള്ളവരാണ്.



## പോളിംഗ് ഡ്യൂട്ടിക്ക് ഹാജരായില്ലെങ്കിൽ അറസ്റ്റ് ചെയ്യും: ജില്ലാ കളക്ടർ

**കൊച്ചി:** പോളിംഗ് ഡ്യൂട്ടിക്ക് ഹാജരാകാത്ത ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്ത് ജോലിക്കു നിയോഗിക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ് അറിയിച്ചു. നേരത്തേ ആരോഗ്യപരമായ കാരണങ്ങളാൽ പോളിംഗ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാകുന്ന തിനുള്ള അപേക്ഷകൾ സ്വീകരിച്ചിരുന്നു. അപേക്ഷകൾ പരിഗണിച്ച് അർഹരായവരെ ഒഴിവാക്കി. ഇതിനു ശേഷം പോളിംഗ് ഡ്യൂട്ടി നിശ്ചയിച്ച് നൽകിയിട്ടുള്ളവരെ ഒരു കാരണവശാലും ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കില്ലെന്നും ഡ്യൂട്ടിക്ക് ഹാജരാകാത്തവരെ അറസ്റ്റ് ചെയ്ത് ജോലിക്ക് നിയോഗിക്കുമെന്നും കളക്ടർ അറിയിച്ചു.

## സിഐഐ ഡിജിറ്റൽ സക്ഷം പദ്ധതി തുടങ്ങി

കൊച്ചി: കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) കേരളത്തിലെ പ്രാദേശിക സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഡിജിറ്റൽ സക്ഷം പദ്ധതി തുടങ്ങി. മാസ്റ്റർ കാർഡ് സെന്റർ ഫോർ ഇൻക്ലൂസീവ് ഗ്രോത്തിന്റെ പങ്കാളിത്തത്തോടെയാണു പദ്ധതി നടപ്പാക്കുന്നത്. ചെറുകിട സംരംഭങ്ങളുടെ പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കുകയും

പുതിയ വിപണികളിലേക്കുള്ള അതിന്റെ പ്രവേശനം സുഗമമാക്കുകയും ചെയ്യുകയാണു പദ്ധതിയുടെ ലക്ഷ്യം. പരമ്പ

രാഗത, ആധുനിക മേഖലകളിൽ ഡിജിറ്റൽ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ പ്രാദേശിക സംരംഭകരെ ഡിജിറ്റൽ സക്ഷം സഹായിക്കുമെന്ന് അധികൃതർ അറിയിച്ചു.

## പ്രോവാച്ച് ഇസെഡ് എൻ, വി എൻ സ്മാർട്ട് വാച്ച് വിപണിയിൽ അവതരിപ്പിച്ചു




**ന്യൂഡൽഹി:** ലാവ ഇൻറർനാഷണലിൻറെ സബ്ബ്രാൻഡായ പ്രോവാച്ച്, പ്രോവാച്ച് ഇസെഡ് എൻ , പ്രോവാച്ച് വി എൻ എന്നീ പുതിയ രണ്ട് മോഡലുകളുമായി സ്മാർട്ട് വാച്ച് രംഗത്തേക്കുള്ള പ്രവേശനം പ്രഖ്യാപിച്ചു: സെഗ്മെൻറിലാദ്യമായി കോർണിങ് ഗോറില്ല ഗ്ലാസ് 3 പരിരക്ഷയും തുടർച്ചയായ ഹൃദയമിടിപ്പ് നിരീക്ഷിക്കുന്നതിനുള്ള ഉയർന്ന കൃത്യതയുള്ള പിപിജി സെൻസറും സവിശേഷമാക്കുന്ന ഈ എഞ്ചിനീയറിംഗ് അത്ഭുതം, ആരോഗ്യകരമായ ജീവിതശൈലി പിന്തുടരാൻ ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു.പ്രോവാച്ച് ഇസെഡ് എൻ വെറും 2,599 രൂപ പ്രാരംഭ വിലയിലും പ്രോവാച്ച് വി എൻപ്ര ത്യേക ലോഞ്ച് വിലയായ. 1,999 രൂപയിൽ ലഭ്യമാണ്

## ഐഐഐഎ കേരള ചാപ്റ്റർ ഫുട്ബോൾ ലീഗ് പാലക്കാട്

**പാലക്കാട്:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ച്ചർ കേരള ചാപ്റ്റർ സംഘടിപ്പിക്കുന്ന ഫുട്ബോൾ ലീഗ് 'കാൽപ്പന്തുകളി' ഇത്തവണ പാലക്കാട് നടക്കും. ഐഐഐഎ പാലക്കാട് സെന്ററാണ് മത്സരത്തിന് ആതിഥേയത്വം വഹിക്കുന്നത്. 27,28 തീയതികളിൽ പട്ടാമ്പി കൊപ്പം ആൾട്ടിസ് ഇന്റർനാഷണൽ ഫുട്ബോൾ അക്കാദമിയിലാണ് ലീഗ് മത്സരങ്ങൾ നടക്കുക. കേരളത്തിലെ 9 സെന്ററുകളിൽ നിന്നായി മുന്നൂറിലേറെ ആർക്കിടെക്റ്റുമാർ ഫുട്ബോൾ ലീഗ് മത്സരത്തിൽ പങ്കെടുക്കുമെന്ന് ഈവന്റ് കൺവീനർ അബൂബക്കർ ബാസിൽ അറിയിച്ചു.

## ചിത്രകലാകാരന്മാർ ഒത്തുകൂടിയപ്പോൾ ക്യാൻവാസിൽ പിറന്നത് മനോഹര ചിത്രങ്ങൾ



**കൊച്ചി:** ജയിൻ യൂണിവേഴ്സിറ്റിയുടെ കൊച്ചി ക്യാമ്പസിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ ഒത്തുകൂടിയപ്പോൾ ക്യാൻവാസിൽ പിറന്നത് അതിമനോഹര ചിത്രങ്ങൾ. ജയിൻ യൂണിവേഴ്സിറ്റിയുടെ കീഴിൽ ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ശാന്തമണി കലാകേന്ദ്രയുടെ ആഭിമുഖ്യത്തിൽ കൊച്ചി ക്യാമ്പസിൽ കഴിഞ്ഞ രണ്ടുദിവസമായി നടന്ന ദേശിയ പെയിന്റിങ് ശിൽപശാലയിലാണ് 25 ഓളം കലാകാരന്മാർ പങ്കെടുത്തത്. സമാപന ദിവസമായ ബുധനാഴ്ച്ചയാണ് കലാകാരന്മാരുടെ പെയിന്റിങ് പ്രദർശനം നടന്നത്. ഗുജറാത്ത്, ഒറീസ, മഹാരാഷ്ട്ര, അസം, രാജസ്ഥാൻ, കശ്മീർ, ഗോവ എന്നിവടങ്ങളിൽ നിന്നുള്ള കലാകാരന്മാരുടെ സർഗാത്മക സൃഷ്ടികൾ വേറിട്ട അനുഭവമായിരുന്നു കാഴ്ച്ചക്കാർക്ക് സമ്മാനിച്ചത്. വിവിധ സംസ്കാരത്തിൽ ജീവിക്കുന്നവരുടെ വ്യത്യസ്തമായ കാഴ്ച്ചപ്പാടുകളും ആശയങ്ങളുമായിരുന്നു ഓരോ ചിത്രങ്ങളിലും പ്രതിഫലിച്ചത്.അന്താരാഷ്ട്രതലത്തിൽ ശ്രദ്ധനേടിയ യുവ ചിത്രകലാകാരൻ അതുൽ പാണ്ഡ്യ,അശോക് ഖാന്റ്, കമലേഷ് സോണിജി, ഫാലു പട്ടേൽ, നിഷ നിർമ്മൽ, ശ്രദ്ധ ജാഥവ്, ലളിത സൂര്യനാരായണ തുടങ്ങിയവരുടെ വ്യത്യസ്ത പെയിന്റിങ്ങും പ്രദർശനത്തെ ശ്രദ്ധേയമാക്കി.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാർക്ക് സൃഷ്ടികൾ പ്രദർശിപ്പിക്കാനും ആശയവിനിമയം നടത്തുവാനും വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടുദിവസത്തെ ശിൽപ്പശാലയും പ്രദർശനവും സംഘടിപ്പിച്ചത്.

ഇന്നവേഷൻ, ക്രിട്ടിക്കൽ തിങ്കിങ്, നവീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ കലയുടെ പ്രാധാന്യം വലുതാണെന്ന് ജയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി ആർട്ട് ആൻഡ് ഡിസൈൻ ഡീൻ ഡോ. അവിനാഷ് കേറ്റ് ഉദ്ഘാടന യോഗത്തിൽ പറഞ്ഞു. ഇത്തരം പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിലൂടെ നമ്മുടെ സാംസ്കാരിക പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജ്യപുരോഗതിക്കായി പ്രവർത്തിക്കാൻ സാധിക്കുന്ന രീതിയിൽ വ്യക്തികളെ സ്വയംപര്യാപ്തമാക്കുവാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഉദ്ഘാടന യോഗത്തിൽ ജയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസിലർ ഡോ. ജെ.ലത,ജയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി എക്സാമിനേഷൻ ഡെയിന്റ് കൺട്രോളർ ഡോ. കെ. മധുകുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ബാംഗ്ലൂൾ ആസ്ഥാനമായി കഴിഞ്ഞ 30 വർഷങ്ങളായി പ്രവർത്തിക്കുന്ന ജെയിൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസിന്റെ കീഴിലുള്ള 85ലേറെ സ്ഥാപനങ്ങളിൽ ഒന്നാണ് ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി.

നാക്ക് എ ഡബിൾ പ്ലസ് അംഗീകാരവും യുജിസിയുടെ കാറ്റഗറി വൺ ഗ്രേഡഡ് ഓട്ടോണമിയുമുള്ള രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി. തുടർച്ചയായി നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫ്രെയിം വർക്കിൽ ആദ്യ നൂറിൽ ജയിൻ ഇടം നേടിയിട്ടുണ്ട്.



# അണുനശീകരണം നടത്തി ചരിത്രംകുറിച്ച് വിഴിഞ്ഞം തുറമുഖം

**വിഴിഞ്ഞം:** ചരിത്രത്തിൽ ആദ്യമായി കപ്പലുകൾക്ക് അണുന ശീകരണം നടത്തി വിഴിഞ്ഞം തുറമുഖം. അന്താരാഷ്ട്ര തുറമുഖ നിർമാതാവായ അദാനിയുടെ കപ്പലുകൾക്കുതന്നെ സാനിറ്റേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകാനുള്ള ഭാഗ്യവും തുറമുഖത്തിനു ലഭിച്ചു.വിഴിഞ്ഞത്തുനിന്ന് കൊളംബോയിലേക്ക് നിർമാണ പ്രവർത്തനത്തിന് പോകുന്ന ടഗ്ഗായ ജലക്ഷ 5, ഡ്രഡ്ജറായ ശാന്തി സാഗർ 10 എന്നിവക്കാണ് അണുനശീകരണം നടത്തി ഇൻറർനാഷണൽ ഷിപ്പ് സാനിറ്റേഷൻ എക്സംപ്ഷൻ സർട്ടിഫിക്കറ്റ് നൽകിയത്. കൊളംബോയ്ക്ക് സമീപമെത്തുന്ന ടഗ്ഗിനെയും ഡ്രഡ്ജറി നെയും മറ്റൊരു വിദേശകപ്പൽ കെട്ടിവലിച്ചു തീരത്തടുപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു.അന്താരാഷ്ട്ര നിയമമനുസരിച്ച് സാനിറ്റേഷൻ സൗജന്യമാണെങ്കിലും പോർട്ട് ഡ്യൂസ്, ചാനൽ ഫീസ് എന്നിവയിൽ കേരള സർക്കാരിനും വരുമാനം ലഭിക്കും. കോവിഡ് സമയത്ത് പുറംകടലിൽ നങ്കൂരമിടുന്ന കപ്പലുകളിൽ അണുനശീകരണത്തിനു തുറമുഖ അധികൃതർ നേതൃത്വം നൽകിയെങ്കിലും വാർഫിൽ അടുപ്പിച്ചുള്ള പരിശോധനകൾക്കുശേഷം സർട്ടിഫിക്കറ്റ് നൽകുന്നത് ഇതാദ്യമായാണ്.

കൊച്ചിൽ പോർട്ട് ഹെൽത്ത് ഓഫീസർ ശ്രാവൺ, വിഴിഞ്ഞം പോർട്ട് പർസർ ബിനുലാൽ, അസി. പോർട്ട് കൺസർവേറ്റർ അജീഷ് എന്നിവർ നേതൃത്വം നൽകി. സത്യം ഷിപ്പിംഗ് ഏജൻറ് എംഡി അജിത് പ്രസാദ് ഉൾപ്പെടെയുള്ളവർ സന്നിഹിതരായിരുന്നു.

# സിവിജിൽ ആപിൽ ലഭിച്ചത് 7222 പരാതികൾ; 25591 മാതൃകാ പെരുമാറ്റച്ചട്ട ലംഘനങ്ങളിന്മേൽ നടപടി

**ഇടുക്കി:** ലോക് സഭാ മണ്ഡലത്തിൽ ഫ്ളയിങ് സ്ക്വാഡും ആന്റി ഡീഫേസ്മെന്റ് സ്ക്വാഡും ചേർന്ന് പൊതുസ്ഥലങ്ങളിൽ മാതൃകാ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി സ്ഥാപിച്ച 25591 വസ്തുവകകൾ നീക്കം ചെയ്തു. പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മാർച്ച് 16 മുതൽ ഏപ്രിൽ 25 വരെയുള്ള കണക്കാണിത്. 18958 പോസ്റ്ററുകളും 3218 ബാനറുകളും 3406 കൊടികളും നീക്കം ചെയ്തവയിൽപ്പെടുന്നു. ഇതിൽ 7222 പരാതികൾ സിവിജിൽ ആപ്പ് മുഖേനയാണ് ലഭിച്ചത്.

പൊതുജനങ്ങൾക്ക് ചട്ടലംഘനങ്ങൾ സംബന്ധിച്ച ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോകൾ എന്നിവ പകർത്തി പരാതിയായി അറിയിക്കാനുള്ള സംവിധാനമാണ് സിവിജിൽ ആപ്പ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പ് സ്റ്റോറിൽ നിന്നോ ആപ്പ് ഡൗൺലോഡ് ചെയ്യാം. ഇൻസ്റ്റാൾ ചെയ്ത ശേഷം ആവശ്യമായ ഭാഷ തെരഞ്ഞെടുക്കണം. പേര് വെളിപ്പെടുത്തിയും അല്ലാതെയും പരാതി നൽകാം. പേര് വെളിപ്പെടുത്തിയാണ് പരാതി നൽകുന്നതെങ്കിൽ മൊബൈൽ നമ്പർ നൽകണം. ഫോണിൽ ലഭിക്കുന്ന നാലക്ക ഒ ടി പിയും അടിസ്ഥാന വിവരങ്ങളും നൽകി ലോഗിൻ ചെയ്ത് പരാതി രേഖപ്പെടുത്താം. പേര് വെളിപ്പെടുത്താൻ താൽപര്യമില്ലെങ്കിൽ അജ്ഞാതൻ എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് പരാതി സമർപ്പിക്കണം. അജ്ഞാത പരാതികളുടെ തുടർനടപടികൾ അറിയാനാകില്ല.

തുടർന്ന് ഫോട്ടോ, വീഡിയോ, ഓഡിയോ എന്നിങ്ങനെ മൂന്ന് ഓപ്ഷനുകളിൽ ഏതെങ്കിലും തെരഞ്ഞെടുക്കണം. അപ്പോൾ തന്നെ പരാതിക്കാരന്റെ ലൊക്കേഷൻ ആപ്പിൽ രേഖപ്പെടുത്തും. ഫോട്ടോ/വീഡിയോ/ഓഡിയോ രൂപത്തിലുള്ള പരാതി, പരാതിയുടെ സ്വഭാവം, സംഭവത്തിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയ ശേഷം സമർപ്പിക്കുക എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യണം. ആപ്പിൽ പ്രവേശിച്ച് അഞ്ച് മിനുട്ടിനകം ഈ നടപടികൾ പൂർത്തിയാക്കിയില്ലെങ്കിൽ സമയപരിധി അവസാനിക്കും. അങ്ങനെ സംഭവിച്ചാൽ വീണ്ടും ആപ്പ് തുറന്ന് പരാതി നൽകാം. ചട്ടലംഘനം കണ്ടെത്തിയ സ്ഥലത്ത് നിന്നുതന്നെ പരാതി സമർപ്പിക്കണം. സഞ്ചരിച്ചുകൊണ്ട് പരാതി രജിസ്റ്റർ ചെയ്യുമ്പോൾ ലൊക്കേഷൻ മാറാൻ സാധ്യതയുള്ളതിനാൽ നിരീക്ഷണ സ്ക്വാഡിന് സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടാകും.

പരാതികളിൽ 100 മിനുട്ടിനുള്ളിൽ നടപടിയാകും. പണം, സമ്മാനം, മദ്യം എന്നിവയുടെ വിതരണം, അനുമതിയില്ലാതെ ബാനർ, പോസ്റ്ററുകൾ സ്ഥാപിക്കൽ, ആയുധങ്ങൾ പ്രദർശിപ്പിക്കൽ,ഭീഷണിപ്പെടുത്തൽ, മതപരമോ വർഗീയമോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയ പരാതികൾ ആപ്പിലൂടെ നൽകാനാകും.

# സഹൃദയ എൻജിനീയറിംഗ് കോളജിന് ഓട്ടോണമസ് അംഗീകാരം

**കൊടകര:** ഇരിങ്ങാലക്കുട രൂപത എഡ്യുക്കേഷൻ ട്രസ്റ്റിനു കീഴിലുള്ള കൊടകര സഹൃദയ എൻജിനീയറിംഗ് കോളജിന് യുജിസിയുടെ ഓട്ടോണമസ് (സ്വയംഭരണ) പദവി ലഭിച്ചു. 2024 മുതൽ 2034 വരെ 10 വർഷത്തേക്കാണ് ഓട്ടോണോമസ് കാലാവധി.

അക്കാദമിക് മികവ്, ഉയർന്ന പ്ലേസ്മെൻറ്, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, മതിയായ യോഗ്യതയുള്ള അധ്യാപകർ, ഉയർന്ന അധ്യാപക വിദ്യാർഥി അനുപാതം തുടങ്ങിയ വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ചാണു സ്വയംഭരണപദവി ലഭിച്ചത്. അധ്യാപകർ, സ്റ്റാഫ്, വിദ്യാർഥികൾ, പൂർവവിദ്യാർഥികൾ തുടങ്ങി കോളജുമായി ബന്ധപ്പെട്ട എല്ലാവരുടെയും പരിശ്രമങ്ങളാണ് മറ്റൊരു അംഗീകാരംകൂടി നേടിയെടുക്കാൻ സഹായിച്ചതെന്നു കോളജ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. ആൻറോ ചുങ്കത്ത് പറഞ്ഞു.



കൃത്യസമയത്തുള്ള പ്രവേശന നടപടിക്രമം, പരീക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവയാണ് ഓട്ടോണമസ് കോളജുകളുടെ സവിശേഷഗുണം.

കേരളത്തിലെ സ്വാശ്രയകോളജുകളിൽ കോഴ്സുകളിലും പഠനത്തിലും പ്ലേസ്മെൻറിലും ഏറെ മികവിൽ നിൽക്കുന്ന സഹൃദയ എൻജിനീയറിംഗ് കോളജിന് മറ്റൊരു പൊൻതൂവൽ കൂടിയാണിത്. ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിംഗ്, ബയോമെഡിക്കൽ എൻജിനീയറിംഗ്, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ് എൻജിനീയറിംഗ്, സിവിൽ എൻജിനീയറിംഗ് എന്നീ വിഭാഗങ്ങൾക്ക് എൻബിഎ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഐഎസ്ഒ, നാക് അംഗീകാരങ്ങളും ലഭിച്ചു.

എൻജിനീയറിംഗ് പഠനപരിശീലന സെമിനാറുകൾ, വിവിധങ്ങളായ ഫെസ്റ്റുകൾ, അർഹരായ വിദ്യാർഥികൾക്കു സ്കോളർഷിപ്പ്, അത്യാധുനിക സൗകര്യങ്ങളോടെ ഒരു കോടി ചെലവിൽ പണികഴിപ്പിച്ച എഐ കംപ്യൂട്ടർ ലാബ്, ഒരു ലക്ഷം സ്ക്വയർഫീറ്റിലുള്ള സെൻട്രൽ ലൈബ്രറി, മൾട്ടിമീഡിയ സെൻറർ, ഇൻഡോർ സ്റ്റേഡിയം, ഹെൽത്ത് കൗൺസലിംഗ് സെൻറർ എന്നിവയെല്ലാം കോളജിനെ മികവുറ്റതാക്കുന്നു.






# കൊച്ചി വാട്ടർ മെട്രോയ്ക്ക് ഒന്നാം പിറന്നാൾ;യാത്ര ചെയ്തത് 19.72 ലക്ഷത്തിലധികം പേർ

**കൊച്ചി:** സംസ്ഥാനത്തെ ജലഗതാഗത രംഗത്ത് വിപ്ളവകരമായ മാറ്റം കൊണ്ടുവന്ന കൊച്ചി വാട്ടർ മെട്രോ പ്രവർത്തനമാരംഭിച്ചിട്ട് ഒരു വർഷം തികയുന്നു. 9 ബോട്ടുകളും രണ്ട് റൂട്ടുകളുമായാണ് കൊച്ചി വാട്ടർ മെട്രോ 2023 ഏപ്രിൽ 25ന് സർവ്വീസ് ആരംഭിച്ചത്. കഴിഞ്ഞ ഒരു വർഷത്തിനിടെ 19,72,247 പേർ കൊച്ചി വാട്ടർ മെട്രോയുടെ സേവനം ഉപയോഗപ്പെടുത്തി. വിനോദസഞ്ചാരികളുടെ പറുദീസയായ ഫോർട്ട് കൊച്ചിയിലേക്കും കൊച്ചി വാട്ടർ മെട്രോയെത്തിക്കഴിഞ്ഞു. ഒന്നാം വാർഷികത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വ്യക്തികളുമായി മാനേജിംഗ് ഡയറക്ടർ ശ്രീ.ലോക് നാഥ് ബെഹ്റ കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തു. ശ്രീ.മുരളി തുമ്മാരുകുടി, അഭിനേത്രി മിയ ജോർജ്ജ്, പ്രഫസർ ശ്രീ. എം.കെ. സാനു, റോയൽ ഡ്രൈവ് സി.എം.ഡി ശ്രീ മുജീബ് റഹ്മാൻ, ശ്രീ.ദീപക് അസ്വാനി തുടങ്ങിയ പ്രമുഖർ കൊച്ചി വാട്ടർ മെട്രോയുടെ സേവനങ്ങൾ അനുഭവിച്ചറിയുകയും അഭിനന്ദിക്കുകയും ചെയ്തു.. യാത്രക്കാർക്കായി വാട്ടർ മെട്രോ ടെർമിനലുകളിൽ സംഗീത പരിപാടികൾ വിവിധ ദിവസങ്ങളിൽ ഒരുക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഔദ്യോഗിക ആഘോഷങ്ങൾ ഒഴിവാക്കി. പെരുമാറ്റച്ചട്ടം അവസാനിച്ചുകഴിഞ്ഞ് ഔദ്യോഗിക ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

സുസ്ഥിര ജലഗതാഗത രംഗത്ത് ലോകത്തിന് മാതൃകയാകാൻ കൊച്ചി വാട്ടർ മെട്രോയ്ക്ക് സാധിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വാട്ടർ മെട്രോയ്ക്ക് സമാനമായ പദ്ധതികൾ ആലോചനയിലാണെന്നത് ഇതിന് തെളിവാണ്. സമാനതകളില്ലാത്ത, പുതിയ ആശയമായതിനാൽ തന്നെ ആദ്യ വർഷം കൊച്ചി വാട്ടർ മെട്രോയെ അടുത്തറിയാൻ കൊച്ചിയിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം സ്ഥിരം യാത്രകരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. എന്നാൽ വാട്ടർ മെട്രോയെ ദൈനംദിന യാത്രകൾക്കായി ഒപ്പം കൂട്ടുവാൻ ദ്വീപ് നിവാസികളെ പ്രേരിപ്പിക്കുന്നതിനാണ് കൊച്ചി വാട്ടർ മെട്രോ ഊന്നൽ നൽകുക. 20 മുതൽ 40 രൂപയാണ് ടിക്കറ്റ് നിരക്കെന്നിരിക്കെ വിവിധ യാത്രാപാസ്സുകൾ ഉപയോഗിച്ച് 10 രൂപ നിരക്കിൽ വരെ കൊച്ചി വാട്ടർ മെട്രോയിൽ സ്ഥിരം യാത്രികർക്ക് സഞ്ചരിക്കാം. സൗത്ത് ചിറ്റൂരിൽ നിന്ന് ബസ്സിൽ ഹൈക്കോർട്ടിലേക്കെത്താൻ 18 രൂപ വേണമെന്നിരിക്കെ കൊച്ചി വാട്ടർ മെട്രോയുടെ യാത്രാ പാസ് ഉപയോഗിച്ച് വെറും 10 രൂപയ്ക്ക് പൊതുജനങ്ങൾക്ക് ഇതേ ദൂരം യാത്ര ചെയ്യാം. പുതിയ റൂട്ടുകൾ ആരംഭിച്ചപ്പോഴും ബോട്ടുകളുടെ എണ്ണത്തിലെ പരിമിതികൾ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ പ്രധാന വെല്ലുവിളിയാണ്. കുമ്പളം, പാലിയംതുരുത്ത്, വില്ലിംഗ്ടൺ ഐലൻഡ്, കടമക്കുടി, മട്ടാഞ്ചേരി ടെർമിനലുകളുടെ നിർമ്മാണവും അതിവേഗം പുരോഗമിക്കുകയാണ്. സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ ഈ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷ. ഇതിന് മുന്നോടിയായി സെപ്തംബറോടെ 5 ബോട്ടുകൾ കൂടി നൽകാമെന്ന് കൊച്ചിൻ ഷിപ്പ് യാർഡ് അറിയിച്ചിട്ടുണ്ട്. വാട്ടർ മെട്രോ ടെർമിനലുകളിലേക്ക് എത്തുന്നതിനും അവിടെ നിന്ന് ലക്ഷ്യസ്ഥാനങ്ങളിലേക്ക് പോകുന്നതിനും സഹായകരമാകാൻ ഫസ്റ്റ് ആൻഡ് ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നിലവിലുള്ളതിലും മികച്ചതാക്കുവാനാണ് ശ്രമം. ഇതിനായി വിവിധ പദ്ധതികൾ പരിഗണനയിലാണ്.

## ലോക്സഭാ തെരഞ്ഞെടുപ്പ്: മാലിന്യ നീക്കത്തിനു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

2024 ഏപ്രിൽ 26ന് നടക്കുന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകൾ, പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യം നീക്കം ചെയ്യലും സംസ്കരണവും സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

പോളിംഗ് സ്റ്റേഷനുകൾ, പോളിംഗ് സാമഗ്രികൾ വിതരണം ചെയ്യുന്ന സെന്ററുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരുക്കണം. സംഭരിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഹരിതകർമ്മസേനയ്ക്കോ ബന്ധപ്പെട്ട ഏജൻസികൾക്കോ കൈമാറിയിട്ടുണ്ടെന്ന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തണം.വിവിധ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിനനുസരിച്ച് ഉദ്യോഗസ്ഥൻ / ഹരിതകർമ്മസേന / ഏജൻസി എന്നിവരെ ചുമതലപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി / ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കണം. മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ് / ആർ.ആർ.എഫ്ൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ മുൻകൂട്ടി തയ്യാറാക്കി വാഹന സൗകര്യം ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയോ ചുമതലയുള്ള ഉദ്യോഗസ്ഥനോ ഏർപ്പെടുത്തണം.മാലിന്യങ്ങൾ യഥാസമയം എം.സി.എഫ്. / ആർ.ആർ.എഫ്ൽ നീക്കം ചെയ്തിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയോ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ, ബന്ധപ്പെട്ട വരണാധികാരികരി, ഉപവരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക് ലഭ്യമാക്കണം.



## പക്ഷിപ്പനി പ്രതിരോധം ഊർജിതം

**കോയമ്പത്തൂർ:** പക്ഷിപ്പനി ബാധിച്ച് ആലപ്പുഴയിൽ താറാവുകളും കോഴികളും ചത്തതിനെ തുടർന്ന് ഉദുമലയ്ക്ക് സമീപം തമിഴ്നാട്കേരള അതിർത്തിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. അണുബാധ പടരുന്നത് തടയുന്നതിനായി കേരളത്തിൽ നിന്ന് വരുന്ന വാഹനങ്ങൾ അണുവിമുക്തമാക്കുന്നുണ്ട്.

ഒരു വെറ്ററിനറി അസിസ്റ്റൻറ്, ഒരു ഗവേഷകൻ, രണ്ട് കന്നുകാലി മെയിൻറനൻസ് അസിസ്റ്റൻറുമാർ എന്നിവരടങ്ങുന്ന മൂന്ന് ടീമുകളാണ് ദൗത്യം നിർവഹിക്കുന്നത്. കൂടാതെ കോഴി ഫാമുകളിൽ പരിശോധന നടത്തുന്നു. അസാധാരണമായ ഏതെങ്കിലും സാഹചര്യമുണ്ടെങ്കിൽ ഉടൻ അറിയിക്കാൻ ഉടമകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. പക്ഷിപ്പനി പൂർണമായി നിയന്ത്രിക്കുന്നത് വരെ ഈ നിരീക്ഷണം തുടരും.

തിരുപ്പൂർ റീജണൽ ലൈവ് സ്റ്റോക്ക് മെയിൻറനൻസ് ഡിപ്പാർട്ട്മെൻറ് ഡയറക്ടർ പുകഴേന്തി, ഉദുമലൈ അസിസ്റ്റൻറ് ഡയറക്ടർ ജയറാം, വെറ്ററിനറി ഡോക്ടർമാരായ രാജ സൊക്കപ്പൻ, അബ്ദുൾ കലാം, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ അണുനശീകരണ പ്രവർത്തനത്തിനും മറ്റ് പ്രതിരോധ നടപടികൾക്കും മേൽനോട്ടം വഹിച്ചു.

## വായ്പ തിരിച്ചടവ്: കർഷകർക്കെതിരേ നിയമ നടപടിയുമായി ബാങ്കുകൾ



**പുൽപ്പള്ളി:** വരൾച്ചയും കൃഷി നാശവും മൂലം പ്രതിസന്ധിയിൽ നട്ടം തിരിയുന്ന കർഷകർക്കെതിരേ വായ്പാകുടിശിക മുടങ്ങിയതിന്റെ പേരിൽ ബാങ്കുകൾ നിയമനടപടികളുമായി മുന്നോട്ടുപോകുന്നത് കർഷകരെ വീണ്ടും ആശങ്കയിലാക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ജപ്തി നടപടികളുമായി ബാങ്കുകൾ മുന്നോട്ട് പോകാൻ തീരുമാനിച്ചതോടെ കർഷകർ ആശങ്കയിലാണ്. കർഷകരുടെ കൃഷിയിടങ്ങൾ ജപ്തി ചെയ്യാനുള്ള നടപടികൾ ആരംഭിച്ചതിനെ തുടർന്ന് രാഷ്ട്രീയപാർട്ടികളും കർഷകസംഘടനകളും സമരപരിപാടികളുമായി രംഗത്തെത്തിയതോടെ താൽക്കാലികമായി നിർത്തിവച്ച ജപ്തി നടപടികളാണ് വീണ്ടും ആരംഭിച്ചത്.

കർഷകരുടെ ഭൂമി ജപ്തി ചെയ്യരുതെന്ന് ആവശ്യപ്പെട്ട് രാഷ്ട്രീയപാർട്ടികളും വിവിധ കർഷകസംഘടനകളും ബാങ്കുകൾക്ക് മുന്നിൽ സമരം ആരംഭിക്കുകയും ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും കത്തയക്കുകയും കർഷക സംഘടനകളുടെ നേതൃത്വത്തിൽ നിവേദനം നൽകുകയും ചെയ്തിട്ടും യാതൊരുപ്രയോജനവുമുണ്ടായില്ലെന്നാണ് കർഷകർ പറയുന്നത്.

ബാങ്കുകൾ ഇപ്പോൾ വായ്പാകുടിശികയുള്ള കർഷകരുടെ വീടുകളിലെത്തി വായ്പ പുതുക്കുകയോ അടച്ചുതീർക്കുകയോ ചെയ്യാത്ത പക്ഷം നിയമനടപടികളുമായി മുന്നോട്ടുപോകുമെന്ന നിലപാട് കർശനമാക്കിയതോടെ കിടപ്പാടം നഷ്ടപ്പെടുമോയെന്ന ആശങ്കയിലാണ് കുടിയേറ്റമേഖലയിലെ കർഷകർ.

സാന്പത്തികവർഷം കഴിഞ്ഞതോടെ വായ്പയെടുത്ത കർഷകർക്ക് പലിശയും കൂട്ടുപലിശയും ഉൾപ്പെടെ വൻതുകയാണ് കുടിശികയായിട്ടുള്ളത്. കുരുമുളക്, കാപ്പി എന്നിവയുടെ ഉത്പാദനക്കുറവും കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ബാങ്കുകൾ വായ്പ അടക്കുന്നതിന് സാവകാശം നൽകിയാൽ ലോണടയ്ക്കാമെന്ന് കർഷകർ ബാങ്ക് അധികൃതരോട് ആവശ്യപ്പെടുന്പോഴും സാവകാശം നൽകാൻ കഴിയില്ലെന്നാണ് ബാങ്കുകളുടെ നിലപാട്.

അടിയന്തരമായി ബന്ധപ്പെട്ടവർ വിഷയത്തിൽ ഇടപെട്ടില്ലെങ്കിൽ ശക്തമായ പ്രക്ഷോഭപരിപാടികളിലേക്ക് കടക്കാനാണ് കർഷകസംഘടനകളുടെ തീരുമാനം. അടിയന്തരമായി ബാങ്കുകളുടെ ജപ്തി നടപടി നിർത്തിവയ്ക്കൻ ആവശ്യമായ നടപടിയുണ്ടാകണമെന്നാണ് കർഷകരുടെ ആവശ്യം.

# കാട്ടാനകളെ തുരത്താൻ തേനീച്ച

കാട്ടാനകൾ കൂട്ടത്തോടെ കൃഷിയിടങ്ങളിൽ ഇറങ്ങിയാൽ ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് മലയാളികൾക്ക് ആരും പറഞ്ഞു കൊടുക്കേണ്ടതില്ല. മലയോര മേഖലകളിൽ അതു നിത്യസംഭവമാണ്.

നട്ടു പിടിപ്പിച്ചതൊക്കെ ചവിട്ടി മെതിച്ച്, മനുഷ്യ ജീവനു പോലും ഭീഷണി ഉയർത്തി അലറി വിളിക്കുന്ന ആനകൾ എന്നും കർഷകരുടെ പേടി സ്വപ്നമാണ്. സൗരോർജ വേലികൾക്കോ കിടങ്ങുകൾക്കോ ആനകളെ ഫലപ്രദമായി തടയാൻ കഴിയുന്നുമില്ല.



അവിടെയാണ് തേനീച്ചകൾ ഒരുക്കുന്ന ജൈവ നിയന്ത്രണം ഫലപ്രദമാകുന്നത്. ആഫ്രിക്കൻ രാജ്യങ്ങളിലാണ് ആദ്യമായി ഈ മാർഗം പരീക്ഷിച്ചത്. അതിനു നേതൃത്വം നൽകിയതാകട്ടെ സേവ് എലിഫൻറ് ഓർഗനൈസേഷനിലെ ഡോ. ലൂസി കിംഗും.

ആഫ്രിക്കയിലെത്തിയ ഡോ. ലൂസി ചില മരങ്ങളുടെ സമീപത്തുകൂടി ആനകൾ സഞ്ചരിക്കാത്തത് ശ്രദ്ധിച്ചു. തേനീച്ചകൾ കൂടുവച്ച മരങ്ങൾ ആയതിനാലാണ് അതെന്ന് അവർ മനസിലാക്കി. തേനീച്ചകളുടെ കുത്തും മൂളലും ആനകൾക്ക് അസഹനീയമാണ്.

ഇതു കണക്കുകൂട്ടി തേനീച്ച പെട്ടികൾ ആനകളുടെ പതിവ് സഞ്ചാരവഴികളിൽ സ്ഥാപിച്ചതോടെ ആനകളുടെ വരവ് കുറഞ്ഞെന്നു മാത്രമല്ല, തേനെടുക്കുന്നതു വഴി നാട്ടുകാർക്ക് പുതിയൊരു വരുമാനമാർഗവുമായി.

നിശ്ചിത അകലത്തിൽ ആനത്താരകളിൽ സ്ഥാപിക്കുന്ന തേനീച്ചക്കൂടുകൾ നൂൽക്കമ്പി കൊണ്ട് ബന്ധിപ്പിച്ചാണ് വേലിയൊരുക്കുന്നത്. ആനകൾ കമ്പിയിൽ തട്ടുമ്പോൾ കൂട്ടിലുള്ള തേനീച്ചകൾ ഇളകി പുറത്തുവരികയും ആനയുടെ തുമ്പിക്കൈകളിൽ കുത്തുകയും ചെയ്യും. തേനീച്ചയുടെ മൂളലും കുത്തിൻറെ വേദനയും സഹിക്കാനാവാതെ അവ തിരിഞ്ഞോടും.



## റബറിനും തെങ്ങിനും പകരക്കാരൻ, വില കിലോയ്ക്ക് 250 രൂപയ്ക്ക് മുകളിൽ

എവിടെ നട്ടാലും നല്ല വിളവ് കിട്ടും. കുറച്ച് വെള്ളം മാത്രം കൊടുത്താൽ മതി. ചാണകപ്പൊടിയോ ചാരമോ രാസവളമോ ഇട്ടാൽ ചാകര കൊയ്ത്തായിരിക്കും. മാലി മുളകാണ് കർഷകരുടെ കൺകണ്ട ദൈവം. കേരളത്തിൽ എല്ലായിടത്തും വളരുമെങ്കിലും ഇടുക്കിയിലാണ് കൂടുതൽ കൃഷിചെയ്യുന്നത്. ഏറെ ആവശ്യക്കാരുള്ള ഈ മുളകിന്റെ വില ഇപ്പോൾ കിലോയ്ക്ക് 250 രൂപയ്ക്ക് മുകളിലാണ്. ഇത്രയൊക്കെ നൽകാൻ തയ്യാറായി ആൾക്കാർ ക്യൂ നിൽക്കുകയാണെങ്കിലും ആവശ്യത്തിന് കിട്ടാനില്ല. ട് കനത്തതും വെള്ളം കിട്ടാനില്ലാത്തതുമാണ് മാലി മുളക് കൃഷി കുറയാൻ കാരണം. ഇപ്പോഴത്തെ വില കിട്ടില്ലെങ്കിലും വിദേശങ്ങളിൽ ഉൾപ്പടെ ഓഫറുള്ളതിനാൽ മോശമല്ലാത്ത വിലതന്നെ എപ്പോഴും ലഭിക്കും.രുചിയും മണവും തന്നെയാണ് മാലി മുളകിനെ മറ്റുള്ള മുളകിനങ്ങളിൽ നിന്ന് വേറിട്ടതാക്കുന്നത്. ശരാശരി വലിപ്പമുള്ള ഒരു ചെടിയിൽ നിന്ന് ഒരുവർഷം കുറഞ്ഞത് അഞ്ചുകിലോ വരെ മുളക് ലഭിക്കും. നന്നായി പരിപാലിക്കുകയാണെങ്കിൽ ചെടിനട്ട് ഒന്നരമാസം കഴിയുമ്പോൾ തന്നെ വിളവ് കിട്ടിത്തുടങ്ങും. വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുകയാണെങ്കിൽ ഒരിക്കലും നഷ്ടമുണ്ടാകില്ല എന്നുമാത്രമല്ല നല്ല ലാഭവും പ്രതീക്ഷിക്കാം. പഴുത്ത മുളകിൽ നിന്ന് വിത്തെടുത്ത് പാകി വീണ്ടും കൃഷിയിറക്കാമെന്നതിനാൽ തൈകൾ വാങ്ങുന്ന ചെലവുമില്ല.സാധാരൻ മുളകിനേക്കാൾ വലിപ്പവും മണവും സ്വാദും മാത്രമല്ല എരിവും കൂടുതലാണ്. രണ്ടര ഇഞ്ച് വരെ വലിപ്പം ഉയാവും. തൊലി ചുളിഞ്ഞിരിക്കും. എരിവ് കൂടുതലായതിനാൽ കുറച്ച് മതി. കാറ്ററിംഗുകാർക്ക് പ്രയോജനപ്രദം. തെക്കേ അമേരിക്കൻ ജനുസിൽപെട്ടതാണ് (കാപ്സിക്കം ചൈനാൻസി) മാലി മുളക്. ഇതേ ഇനത്തിൽപെട്ട 'വെള്ളായണി തേജസ്' കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്.





## വില 20,000 വരെ, കേരളത്തിലും സുലഭം

രാജ്യാന്തര വിപണിയിൽ കാപ്പിയുടെ ഡിമാൻഡ് വർദ്ധിക്കുകയാണ് ഒപ്പം വിലയും. കർഷകരെ സംബന്ധിച്ച് ഇത് സുവർണാവസരമാണ്. ഇന്ത്യയിലെ പ്രത്യേകിച്ച് ദക്ഷിണേന്ത്യയിലെ കർഷകരെ സംബന്ധിച്ച് നേട്ടം കൊയ്യാനുള്ള ഈ അവസരത്തിൽ രണ്ടാമതൊന്ന് ചിന്തിക്കേണ്ടതില്ല. കാലാവസ്ഥാമാറ്റം ആഗോള വിപണിയിലെ വമ്പൻമാരായ വിയറ്റ്നാമിലേയും ബ്രസീലിലേയും വിളവ് കുറച്ചിട്ടുണ്ടെന്ന അനുകൂല സാഹചര്യവും കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ കർഷകർക്ക് അനുഗ്രഹമായി മാറുന്നുണ്ട്.

202324 വർഷത്തിൽ കാപ്പി കയറ്റുമതിയിൽ 20 ശതമാനത്തിന്റെ കുറവാണ് വിയറ്റ്നാമിലുള്ളത്. ഇത് കാപ്പിക്ക് ക്ഷാമം അനുഭവപ്പെടുന്ന അവസ്ഥയിലേക്ക് എത്തിക്കും, അതാണ് കേരളമുൾപ്പെടെയുള്ള സ്ഥലങ്ങളിലെ കർഷകർക്ക് അനുകൂലമായ സാഹചര്യമൊരുക്കുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ റോബസ്റ്റ കാപ്പിക്കുരു ഉൽപാദിപ്പിക്കുന്നത് വിയറ്റ്നാമാണ്. അതുകൊണ്ടുതന്നെ അവരുടെ ഉൽപാദനത്തിലെ കുറവ് വലിയ പ്രതിസന്ധി സൃഷ്ടിക്കും.ബ്രസീലിലെയും വിയറ്റ്നാമിലെയും കാപ്പി ഉൽപാദനത്തിലെ ഇടിവ് വിലക്കയറ്റത്തിനു കാരണമായി.

ആഗോള കാപ്പിക്കുരു ഉൽപാദനത്തിലെ ഇടിവ് ദക്ഷിണേന്ത്യൻ കർഷകരെ കൃഷി വ്യാപിപ്പിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കർണാടകയിൽ നിന്നുള്ള കാപ്പിക്ക് ആഗോള വിപണിയിൽ വലിയ മൂല്യമുണ്ട്. രാജ്യത്തെ മൊത്തം കാപ്പി ഉൽപാദനത്തിൽ 70 ശതമാനവും കൂർഗ്, ചിക്കമംഗലൂർ, ഹാസൻ മേഖലകളിലാണ് വിളയുന്നത്. കേരളവും തമിഴ്നാടും കാപ്പിക്ക്യഷിയിൽനിന്നു വലിയ വരുമാനം കണ്ടെത്തുന്നുണ്ട്.

രാജ്യത്തെ കാപ്പി ഉൽപാദനത്തിൽ 83 ശതമാനവും ദക്ഷിണേന്ത്യയുടെ സംഭാവനയാണ്.50007000 രൂപ വരെ ക്വിന്റലിന് വിലയുണ്ടായിരുന്നതാണ് ഇപ്പോൾ ആഗോള വിപണിയിലെ പ്രതിസന്ധി കാരണം 20,000 രൂപ വരെ എത്തി നിൽക്കുന്നത്. ഇത്രയും വിലക്കയറ്റം തങ്ങളുടെ വിളയ്ക്ക് കിട്ടുമെന്ന് കർഷകരും പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല. ഇന്ത്യൻ സംസ്ഥാനങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ച് കേരളം ഉൾപ്പെടുന്ന ദക്ഷിണേന്ത്യൻ മേഖലയിലെ റോബസ്റ്റ കാപ്പിക്കുരു കർഷകർക്ക് ഇതിലും വലിയ അവസരം ലഭിക്കാനില്ല. കർഷകനെ കോടീശ്വരനാക്കുന്ന വിളയെന്ന വിശേഷണം അതുകൊണ്ട് തന്നെ ഒട്ടും അതിശയോക്തിയില്ലാത്തതുമാണ്.

# ടൂറിസ്റ്റുകൾക്ക് പ്രിയങ്കരം ആഭ്യന്തര യാത്രകളും പുതിയ സ്ഥലങ്ങളും

**കൊച്ചി:** ആഭ്യന്തര യാത്രകളും പുതിയ സ്ഥലങ്ങളും ടൂറിസ്റ്റുകൾക്ക് പ്രിയങ്കരമെന്ന് മേക്ക്മൈട്രിപ്പ് ഇന്ത്യ ട്രാവൽ ട്രെൻഡ്സ് റിപ്പോർട്ട്. മൂന്നാർ, വയനാട്, തിരുവനന്തപുരം ഉൾപ്പെടെ 16 ടെസ്റ്റിനേഷനുകളിലേക്കുള്ള ടൂറിസ്റ്റുകളുടെ വരവ് 30% ഏറെ വർധിച്ചതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടതോടെ ഈ ടൂറിസ്റ്റ് കേന്ദ്രങ്ങിലേക്ക് കൂടുതൽ കണക്റ്റിവിറ്റി ലഭ്യമാക്കിയതാണ് ടൂറിസ്റ്റുകളുടെ വർദ്ധനവിന് കാരണം. മേക്ക്മൈട്രിപ്പ് അവരുടെ ഉപയോക്താക്കളുടെ യാത്രക്ക് ആവശ്യമായ തിരയലുകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചാണ് ഇന്ത്യ ട്രാവൽ ട്രെൻഡ്സ് റിപ്പോർട്ട് തയ്യാറാക്കിയത്. മുൻ വർഷത്തേക്കാൾ 2023ൽ പ്രതിവർഷം മൂന്നിൽ കൂടുതൽ യാത്രകൾ നടത്തുന്ന ആളുകളുടെ എണ്ണം 25% വർദ്ധിച്ചതായി കാണിക്കുന്നു.

കഴിഞ്ഞ രണ്ട് വർഷത്തിൽ അയോധ്യ, ഉജ്ജെയിൻ, ബദരീനാഥ് പോലുള്ള പുണ്യസ്ഥലങ്ങൾക്കായുള്ള തിരയലുകളിൽ 97% വർദ്ധിച്ചിട്ടുണ്ട്. വാരാന്ത്യ പര്യടനങ്ങളോട് പ്രിയം തുടരുന്ന സഞ്ചാരികൾ മൂന്നാർ, വയനാട്, ഊട്ടി എന്നിവയാണ് കൂടുതലായി തിരഞ്ഞെടുക്കുന്നത്. ആഭ്യന്തര വിമാന യാത്രികരിൽ തിരുവനന്തപുരം തിരയുന്നവരിൽ 42% വളർച്ചയും കാണിക്കുന്നുണ്ട്. വില്ലകളാണ് കേരളത്തിലെ സഞ്ചാരികൾ കൂടുതലായി തിരഞ്ഞെടുക്കുന്നത്. ഇന്ത്യയിൽ നിന്നുള്ള അന്താരാഷ്ട്ര ട്രാവൽ തിരയലുകളിൽ 30% വും ദുബായ്, ബാങ്കോക്ക്, സിംഗപ്പൂർ എന്നിവിടങ്ങളിലേക്കാണ്. ലണ്ടൻ, ടൊറൻറോ, ന്യൂയോർക്ക് എന്നിവിടങ്ങളാണ് ഏറ്റവും കൂടുതൽ തിരഞ്ഞ ദീർഘദൂര ലക്ഷ്യസ്ഥാനങ്ങൾ. പുതിയ അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങൾതേടുന്നവർക്ക് ഹോങ്കോംഗ്, അൽമാട്ടി, പാരോ, ബാക്കു, ഡാ നാങ്, ടിബിൽസി എന്നിവടങ്ങളാണ് പ്രിയം.ആഭ്യന്തര തലത്തിലും ആഗോളതലത്തിലും ടൂറിസത്തിൻറെ ഭാവി രൂപപ്പെടുത്താൻ ഇന്ത്യൻ സഞ്ചാരികളുടെ മാറിവരുന്ന സ്വഭാവരീതികൾ മനസ്സിലാക്കി യാത്ര അനുഭവം മെച്ചപ്പെടുത്തി അതിലൂടെ ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും സഹായിക്കുന്നതിനാണ് മേക്ക്മൈട്രിപ്പിൻറെ ഇന്ത്യ ട്രാവൽ ട്രെൻഡ്!സ് റിപ്പോർട്ട് എന്ന് മേക്ക്മൈട്രിപ്പിൻറെ സഹസ്ഥാപകനും ഗ്രൂപ്പ് സിഇഒയുമായ രാജേഷ് മാഗോ പറഞ്ഞു.

## സുഭാഷ് ബോസ് പാർക്ക് ഏപ്രിൽ 26 ന് അവധി

**കൊച്ചി:** ലോകസഭ ഇലക്ഷൻ നടക്കുന്ന സാഹചര്യത്തിൽ എറണാകുളം സുഭാഷ് ബോസ് പാർക്ക് 2024 ഏപ്രിൽ 26, വെള്ളിയാഴ്ച അവധി ആയിരിക്കും.

## വാർഡ്‌വിസാർഡ്: സെയിൽസ് ഡയറക്ടറായി അക്തർ ഖത്രി



**കൊച്ചി:** ജോയ് ഇബൈക്ക്, ജോയ് ഇറിക്ക് ബ്രാൻഡുകളുടെ നിർമാതാക്കളും, ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാഹന നിർമാതാക്കളുമായ വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് സെയിൽസ് ആൻഡ് സ്ട്രാറ്റജി (ഡൊമസ്റ്റിക് ആൻഡ് ഇന്റർനാഷണൽസ് സെയിൽ) ഡയറക്ടറായി അക്തർ ഖത്രിയെ നിയമിച്ചു. 25 വർഷത്തിലേറെ നീണ്ടുനിൽക്കുന്ന കരിയറിനൊപ്പം ബാങ്കിങ്, ഫിനാൻസ്, സെയിൽസ്, മാർക്കറ്റിങ് എന്നിവയിലെ അനുഭവസമ്പത്തും വൈദഗ്ധ്യവുമായാണ് അക്തർ ഖത്രി പുതിയ ചുമതലയിലേക്ക് എത്തുന്നത്.

## ഏപ്രിൽ 26ന് സംസ്ഥാനത്ത് പൊതു അവധി

**ഇടുക്കി:** ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഭാഗമായി സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങൾക്കും പൊതു അവധി ആയിരിക്കും. വാണിജ്യ സ്ഥാപനങ്ങൾക്ക് ശമ്പളത്തോടെയുള്ള അവധിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.സംസ്ഥാനത്തെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സർക്കാർ, അർധസർക്കാർ, വാണിജ്യ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറത്തിറക്കി. വാണിജ്യ സ്ഥാപനങ്ങൾക്കു ശമ്പളത്തോടെയുള്ള അവധിയായിരിക്കും.



# വോട്ടഭ്യർഥിച്ച് ജില്ലാ കളക്ടർ കൊച്ചി മെട്രോയിൽ

**കൊച്ചി:** ലോക്സഭ തിരഞ്ഞെടുപ്പിൽ എല്ലാവരും വോട്ടവകാശം വിനിയോഗിക്കണമെന്ന അഭ്യർഥന യുമായി ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് കൊച്ചി മെട്രോയിൽ യാത്ര ചെയ്തു.

കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മെട്രോ സ്റ്റേഷൻ മുതൽ ആലുവ വരെയും തിരികെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം വരെയും മെട്രോ ട്രെയിനിൽ സഞ്ചരിച്ച് യാത്രക്കാരായ വോട്ടർമാരോട് ജില്ലാ കളക്ടർ വോട്ടഭ്യർഥിച്ചു.ഏപ്രിൽ 26ന് എല്ലാവരും വോട്ട് രേഖപ്പെടുത്തണമെന്ന അഭ്യർത്ഥനയുമായി ആലുവ മെട്രോ സ്റ്റേഷനിലെ കടകളിലും ജില്ലാ കളക്ടർ സന്ദർശിച്ചു.

ജില്ലയിൽ പരമാവധി വോട്ടിംഗ് പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വോട്ടർ ബോധവത്കരണ പ്രവർത്തനങ്ങളാണ് സ്വീപ്പ് നടത്തിവരുന്നത്.

കൊച്ചി മെട്രോ എം.ഡി ലോക്നാഥ് ബെഹ്റ, അസിസ്റ്റന്റ് കളക്ടറും സ്വീപ്പ് നോഡൽ ഓഫീസറുമായ നിഷാന്ത് സിഹാര, സ്വീപ്പ് അസിസ്റ്റന്റ് നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹെർട്ടിസ്, സ്വീപ്പ് എറണാകുളം കോഓഡിനേറ്റർമാരായ കെ.ജി വിനോജ്, സി. രശ്മി, എം.പി പാർവതി തുടങ്ങിയവർ മെട്രോ യാത്രയിൽ പങ്കെടുത്തു.

